**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസ് നടത്തിപ്പിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതൽക്കുള്ള എല്ലാത്തരം ദീർഘദൂര സൂപ്പർക്ലാസ് സർവ്വീസുകളും നടത്തുന്നതിനുള്ള അധികാരം ജി.ഒ.(പി).73/2013/Trans, dated 16.7.2013 ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സിയിൽ മാത്രം നിക്ഷിപ്തമാണ്. നിലവിൽ ദീർഘദൂര സർവ്വീസുകളും സൂപ്പർ ക്ലാസ് സർവ്വീസുകളും കെ.എസ്.ആർ.ടി.സി. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്ന രീതിയിൽ നടത്തി വരുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർക്ലാസ് ഓപ്പറേഷൻ യാതൊരു വിധ പ്രതിസന്ധിയും നിലവിൽ നേരിടുന്നില്ല. |
| (ബി) | ഇത്തരം സർവ്വീസുകൾ നടത്തുവാൻ മാത്രമായി ഒരു പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തിരവും, പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്നിവയാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് എന്ന കമ്പനിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഓപ്പറേഷൻ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് തുടങ്ങിയിട്ടുള്ളത്. ടി സർവ്വീസിന്റെ വരുമാനവും കെ.എസ്.ആർ.ടി.സി.യിലാണ് അടയ്ക്കുന്നത്. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കിലോമീറ്റർ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ വാടക നൽകിയാണ് ബസ്സും ക്രൂവും കെ.എസ്.ആർ.ടി.സി എടുത്തിരിക്കുന്നത്. |
| (സി) | കെ.എസ്.ആർ.ടി.സി. യെയും നിലവിലെ തൊഴിലാളികളെയും ഇത് എപ്രകാരം ബാധിയ്ക്കുമെന്ന് പഠിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | കെ.എസ്.ആർ.ടി.സി.യ്ക്കും തൊഴിലാളികൾക്കും ഇത് ഗുണകരമായതായി കാണുന്നുണ്ട്. ദീർഘദൂര സർവ്വീസുകൾ, അന്തർസംസ്ഥാന സർവ്വീസുകൾ എന്നിങ്ങനെ തുടർച്ചയായി ജോലി ചെയ്യേണ്ടവയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേയ്ക്ക് മാറ്റിയിരിക്കുന്നത്. കൂടാതെ സർവ്വീസ് കാര്യക്ഷമത, ബസിന്റെ കണ്ടീഷൻ എന്നിവ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| (ഡി) | തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കാനാണ് ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനത്തെ സ്വതന്ത്ര കമ്പനിയായി വിഭജിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ഡി) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | പിൻവാതിൽ നിയമനത്തിനാണ് പുതിയ കമ്പനി രൂപീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ഇ) | ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (എഫ്) | കെ-സ്വിഫ്റ്റ് കമ്പനിയിലെ തൊഴിലാളികളുടെ ജോലി വ്യവസ്ഥയും അവകാശങ്ങളും വിശദമാക്കാമോ? | (എഫ്) | ദിവസ വേതന വ്യവസ്ഥയിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 8 മണിക്കൂർ ഡ്യൂട്ടിക്ക് 715/- രൂപ ആയിരിക്കും ലഭിക്കുന്നത്. 8 മണിക്കൂർ ഡ്യൂട്ടിക്ക് ശേഷം അധിക അലവൻസ്, 0-1 മണിക്കൂർ അധികരിച്ചതിനു 100 രൂപ, 1-2 മണിക്കൂർ അധികരിച്ചതിനു 175 രൂപ, 2-6 മണിക്കൂർ അധികരിച്ചതിനു 375 രൂപ. ദീർഘദൂര സർവ്വീസുകൾക്ക് നിർദിഷ്ട വിശ്രമ സമയത്തിന് അഡീഷണൽ ഡ്യൂട്ടി പരിഗണിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ